പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3158    20.12.2012 ൽ മറുപടിക്ക്

## ആറ്റിങ്ങൽ അയിലം പാലത്തിന്റെ നിർമ്മാണം

**ചോദ്യം**

ശ്രീ. ബി. സത്യൻ :

**ഉത്തരം**

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്
(പൊതുമരാമത്ത് വകുപ്പു മന്ത്രി)

(എ) 2012-ൽ ആറ്റിങ്ങൽ മണ്ഡലത്തിൽ ഉൾപ്പെടുന്ന ഏതെല്ലാം പൊതുമരാമത്ത് വർക്കുകൾക്കാണ് ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളതെന്ന് റോഡുകൾ, കെട്ടിടങ്ങൾ, പാലങ്ങൾ എന്നിങ്ങനെ ഇനം തിരിച്ച് വിശദമാക്കുമോ ;

എ) കെട്ടിട വിഭാഗത്തിൽ 280 ലക്ഷം രൂപയുടെ ഭരണാനുമതി ആറ്റിങ്ങൽ കോടതി സമുച്ചയത്തിനു വേണ്ടി അഡീഷണൽ ബ്ലോക്ക് നിർമ്മിക്കുന്നതിന് നൽകിയിട്ടുണ്ട്.
നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ പേരൂർ-വെള്ളല്ലൂർ റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 82 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഭരണാനുമതിയ്ക്കായി സമർപ്പിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ;

ബി) നിരത്തുകളും പാലങ്ങളും വിഭാഗത്തെ സംബന്ധിച്ചവ അനുബന്ധമായ ചേർത്തിരിക്കുന്നു.
കെട്ടിട വിഭാഗത്തിൽ നിയോജകമണ്ഡല ആസ്തി വികസനഫണ്ട് ഇനത്തിൽ ആറ്റിങ്ങൽ ഗവ. ബോയ്സ് ഹയർ സെക്കണ്ടറി സ്ക്കൂളിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 50 ലക്ഷം രൂപയുടെയും, വക്കം ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ എക്സ്റ്റൻഷൻ പ്രവൃത്തികൾക്ക് 70 ലക്ഷം രൂപയുടെയും ഭരണാനുമതിക്കായി നൽകിയിട്ടുണ്ട്.

(സി) ആറ്റിങ്ങൽ അയിലം പാലത്തിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ഇതിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ ?

സി) ആറ്റിങ്ങൽ അയിലം പാലത്തിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. 25% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ആറിന്റെ കരയിൽ അയിലം ഭാഗത്തെ വെൽ ഫൗണ്ടേഷനും അബട്ടുമെന്റും പൂർത്തിയായി. ഗണപതിയാം കോണം ഭാഗത്തെ വെൽ ഫൗണ്ടേഷൻ പൂർത്തിയായിട്ടുണ്ട്. ആറിനുള്ളിലെ ഒന്നാമത്തെ പിയറിന്റെ ഫൗണ്ടേഷൻ പൂർത്തിയായി. രണ്ടാമത്തെ പിയറിന്റെ ഫൗണ്ടേഷൻ നിർമ്മാണത്തിനുള്ള ബണ്ടിടൽ പുരോഗമിക്കുന്നു. 2013 ജൂൺ മാസത്തിൽ പദ്ധതി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ

n